ഗ്രാമീണ ഗൃഹശാസ്ത്ര കോളേജ്

* 218. [240] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ :
,, പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, പി. എം. അബൂബക്കർ :
,, ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ഗ്രാമീണ ഗൃഹശാസ്ത്ര കോളേജ് ആരംഭിക്കാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഗവൺമെൻറ് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, കോളേജ് സ്ഥാപിക്കുന്നത് എവിടെയാണ് ;

(സി) ഇവിടെ എത്ര പേർക്ക് പഠന സൗകര്യം ഉണ്ടായിരിക്കും ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ വെള്ളായണിയിൽ.

(സി) ഇപ്പോൾ 30 പേർക്ക് പഠന സൗകര്യമുണ്ട്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : സർ, ഗ്രാമീണ ഗൃഹ ശാസ്ത്ര കോളേജ് തിരുവനന്തപുരം ജില്ലയിൽ പൊന്നും വിലയ്ക്ക് സ്ഥലം എടുത്തിട്ടാണോ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, പൊന്നും വിലയ്ക്ക് സ്ഥലം എടുത്തിട്ടില്ല.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : സർ, സൗജന്യമായി മലബാർ ജില്ലയിൽ സ്ഥലം തന്നാൽ കോളേജ് അവിടെ തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, അങ്ങനെയൊരു ആലോചന ഇപ്പോൾ ഇല്ല.

ശ്രീ. കെ. പി. എ. മജീദ് : സർ, ഈ ഗ്രാമീണ ഗൃഹ ശാസ്ത്ര കോളേജിൽ എന്തൊക്കെ പഠനമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, അഞ്ച് വകുപ്പുകളാണ് നിശ്ചയിച്ചിരിക്കുന്നത്. ഫുഡ് ആൻറ് ന്യൂട്രിഷൻ, ശിശുവികസനം, ഗൃഹ ശാസ്ത്ര വ്യാപനം, ഹോം മാനേജ്മെൻറ്.

പെൻഷൻകാർക്ക് ആനുകൂല്യങ്ങൾ

* 219. [241] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ സർവ്വീസ് പെൻഷൻകാർക്ക് പേ കമ്മീഷൻ ശുപാർശ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടില്ല എന്ന പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും നല്കിയിട്ടില്ലെന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഈ പെൻഷൻകാരുടെ സംഘടനാ പ്രതിനിധികളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ടോ ; ആ ചർച്ചാവേളയിൽ അവരുടെ പെൻഷനു് എന്തെങ്കിലും ഉറപ്പു നല്കിയിട്ടുണ്ടോ ; ആ ഉറപ്പുകളം പാലിച്ചിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : സർ, എല്ലാ ആനുകൂല്യങ്ങളെപ്പറ്റിയും പെൻഷനേഴ്സിൻെറ അസോസിയേഷനുമായിട്ട് ഗവൺമെൻറ് ചർച്ച ചെയ്തിട്ടുണ്ട്. കേന്ദ്ര പെൻഷൻെറ കാര്യത്തെ സംബന്ധിച്ചിടത്തോളം അവരുടെ ശുപാർശ കൂടെ വന്നിട്ട് അതുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങളെക്കുറിച്ച് ചർച്ചചെയ്തിട്ട് ഒരു തീരുമാനമെടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ചില കാര്യങ്ങളം നടപ്പിലാക്കാത്തത്. ചില കാര്യങ്ങളം മാത്രമാണ് മാററി വച്ചിട്ടുള്ളത്.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, കേന്ദ്ര ഗവൺമെൻറിൻെറ നിരക്കിൽ പെൻഷൻ ആനുകൂല്യങ്ങളൊക്കെ നൽകണമെന്ന ആവശ്യം കുറേയൊക്കെ മുമ്പു മുതലേ ഉന്നയിച്ചിട്ടുള്ളതാണ്. ഗവൺമെൻറ് ആ കാര്യത്തിൽ നടപടി സ്വീകരിക്കാമെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന പ്രശ്നമല്ലാത്തതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായ തീരുമാനമുണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : സർ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സാമ്പത്തിക ബാദ്ധ്യത മാത്രമല്ല പ്രശ്നം. ചില നോംസ് ഉണ്ട്. നമ്മം രണ്ടു വർഷമിരിക്കുമ്പോം നമ്മുടെ പേ കമ്മീഷൻെറ റിപ്പോർട്ട് വരുന്നു. കേന്ദ്ര ഗവൺമെൻറിൽ 12-ം 13-ം വർഷമാണ്. കേന്ദ്ര ഗവൺമെൻറിൻെറ പേ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോം പല കാര്യങ്ങളും നമ്മുടെ സംസ്ഥാനത്തും ചെയ്യേണ്ട കാര്യങ്ങളം കൂടിയാണെന്ന നിർദ്ദേശമെടുത്തു. പേ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോം പെൻഷൻകാരുടെ കാര്യം മാത്രം കൊടുത്തിട്ടില്ല. അതു കൂടി വന്നതിനുശേഷം നമുക്ക് സംസ്ഥാന പേ കമ്മീഷൻെറ റിപ്പോർട്ട് കൂടി തുലനം ചെയ്തതിനുശേഷം തീരുമാനിക്കാവുന്നതാണ്. സാമ്പത്തിക ബാദ്ധ്യതകളം ഇല്ലാത്ത നിരവധി ആനുകൂല്യങ്ങളം ഈ പേ കമ്മീഷൻെറ അടിസ്ഥാനത്തിൽ നമ്മം ചെയ്തിട്ടുണ്ട്.

പഞ്ചാബിൽ നിന്നും വാങ്ങിയ അരി

* 220. [242] ശ്രീ. വി. കേശവൻ :
,, ടി. കെ. ഹംസ :
,, എ. കെ. പത്മനാഭൻ :
,, ടി. കെ. അബ്ദു :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണത്തിനായി പഞ്ചാബിൽനിന്നും 1982 മുതൽ 1985 വരെ അരി വാങ്ങിയ ഇനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly